പതിമൂന്നാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ **4400** 27/06/2013 ൽ മറുപടിയ്ക്കുണ്ടായിരുന്നത്

## മരുതോങ്കര വില്ലേജിൽ റീ സർവ്വേയിലെ അപാകതകൾ

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. ഇ.കെ.വിജയൻ | ശ്രീ. അടൂർ പ്രകാശ്.<br>(റവന്യൂവും കയറും വകുപ്പ് മന്ത്രി) |
| (എ) നാദാപുരം മണ്ഡലത്തിൽപ്പെട്ട മരുതോങ്കര വില്ലേജിൽ റീ സർവ്വേയിലെ അപാകതകൾ സംബന്ധിച്ച എത്ര പരാതികൾ ലഭിച്ചിട്ടുണ്ട് ; | (എ) മരുതോങ്കര വില്ലേജിൽ റീസർവ്വേയുമായി ബന്ധപ്പെട്ട സർവ്വേ അദാലത്തിൽ ലഭ്യമായ വിവര പ്രകാരം 2010 നു ശേഷം 81 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. |
| (ബി) ശ്രീ.രമേശൻ പറമ്പാട്ട് നൽകിയ പരാതിയിൻമേൽ നാളിതുവരെ എന്തു നടപടി സ്വീകരിച്ചിട്ടുണ്ട് ; | (ബി) ശ്രീ. രമേശൻ പറമ്പാട്ട് എന്നയാൾ സർവ്വേ അദാലത്തിൽ സമർപ്പിച്ചിരുന്ന അപേക്ഷ നടപടി സ്വീകരിക്കുന്നതിന് വടകര അഡീഷണൽ തഹസീൽദാർ താലൂക്ക് സർവ്വേ വിഭാഗം ഹെഡ് സർവെയർക്ക് കൈമാറിയിട്ടുള്ളതായി ലാന്റ് റവന്യൂ കമ്മീഷണർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |
| (സി) പ്രസ്തുത പരാതിയിൽ പരാമർശിക്കുന്ന സർവ്വെ നമ്പറിലെ വസ്തുവിൽ 1995 മുതൽ ഓരോ വർഷവും ഒടുക്കിയ നികുതി രസീതിന്റെ പകർപ്പ് ലഭ്യമാക്കാമോ; | (സി) വസ്തുവിന്റെ റീസർവ്വേ നമ്പർ, തണ്ടപ്പേർ നമ്പർ എന്നിവ ലഭ്യമാക്കുന്ന പക്ഷം നികുതി ഒടുക്കു വിവരം വില്ലേജാഫീസിൽ നിന്നും ലഭ്യമാക്കാവുന്നതാണ്. |
| (ഡി) നികുതി ഒടുക്കുന്നതിൽ രേഖപ്പെടുത്തുന്ന വസ്തുതകൾ വ്യത്യാസം വരുത്തുന്ന ചട്ട വിരുദ്ധമായ പ്രവർത്തനങ്ങളിൽ ആർക്കെതിരെയാണ് നടപടി സ്വീകരിക്കേണ്ടത്; വിശദാംശം ലഭ്യമാക്കാമോ? | (ഡി) നികുതി ഒടുക്കു രേഖപ്പെടുത്തുന്നതിൽ വ്യത്യാസം വരുത്തുന്ന പക്ഷം അപ്രകാരം ചട്ട വിരുദ്ധമായ പ്രവർത്തനം നടത്തുന്ന ഉദ്യോഗസ്ഥനെതിരെയാണ് പരിശോധിച്ച് നടപടി സ്വീകരിക്കേണ്ടത്. |

സെക്ഷൻ ഓഫീസർ